# ശരീഅത്ത് സ്ത്രീവിരുദ്ധമോ?

നജ്മാ അബ്ദുല്ല (കോൺഗ്രസ് ഐ. രാജ്യസഭാ എം.പി)

........ മുസ്‌ലിം വ്യക്തിനിയമത്തിനു ഒരപകാതയുമില്ല. ലോകത്തിലെ മറ്റെല്ലാ നിയമസംഹിതകളിൽവെച്ച് ഏറ്റം പുരോഗമനപരമാണത്. ശരീഅത്ത് നിയമം അഥവാ ഖുർആൻ അതിന്റെ യഥാർഥ ചൈതന്യത്തോടെ ജനങ്ങൾ അനുസരിക്കുകയാണെങ്കിൽ സ്ത്രീകൾക്ക് ഒരു വിഷമവും അനുഭവപ്പെടുകയില്ല, സ്ത്രീപീഡനത്തെപ്പറ്റി പറയുമ്പോൾ മുസ്‌ലിംസ്ത്രീകളെ മാത്രം എടുത്തുപറയുന്നതെന്താണ്? ഹിന്ദുസ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നില്ലേ?

ഏക സിവിൽ കോഡിനുവേണ്ടി ശരീഅത്ത് നിയമം മാറ്റിനിർത്തണമെന്ന അഭിപ്രായം എനിക്കൊട്ടുമില്ല. അതുകൊണ്ടെന്തു പ്രയോജനമാണുള്ളത്? നിയമം ഏതെന്നതല്ല പ്രശ്നം; അത് നടപ്പാക്കുന്നതെങ്ങനെയെന്നതാണ്. നിയമം ഏതായാലും അപരാധി അപരാധി തന്നെയാണ്. ‘മഹ്ർ’ നൽകാൻ മറ്റൊരു നിയമവും അനുശാസിക്കുന്നില്ല. എന്തുകൊണ്ട്? ‘മഹ്ർ’ മറ്റു വ്യക്തിനിയമങ്ങൾക്കു കൂടി ബാധകമാക്കുന്നതിനെപ്പറ്റി ആരും ഒന്നും പറയാത്തതെന്താണ്? വിവാഹമോചിതയായ സ്ത്രീക്കു മഹ്ർ തിരിച്ചുനൽകാത്ത സംഭവമുണ്ടാകാം. പക്ഷേ, അത് നിമയത്തിന്റെ കുറ്റമല്ല. നമുക്കാവശ്യം മുസ്‌ലിം വ്യക്തിനിയമം വ്യാഖ്യാനിക്കാനും നടപ്പാക്കാനും യോഗ്യമായ ഒരധികാര കേന്ദ്രമാണ്.

മുസ്‌ലിം വ്യക്തിനിയമം സ്ത്രീവിരുദ്ധമാണെന്ന് പറയുന്നത് എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. പെൺകുട്ടിയുടെ വാക്സമ്മതമില്ലാതെ വിവാഹം പൂർത്തിയാവുകയില്ല. അവൾക്കോ അവളുടെ പ്രതിനിധിക്കോ വിവാഹക്കരാറിൽ ഏത് ഉപാധിയും വ്യവസ്ഥയും നിശ്ചയിക്കാവുന്നതാണ്. പുരുഷന് വിവാഹമോചനം നടത്താവന്നതുപോലെ സ്ത്രീക്കും നടത്താവുന്നതാണ്. ഞാൻ ഭോപാൽകാരിയാണ്. അവിടെ ശരീഅത്ത് നിയമം ശരിയായ ചൈതന്യത്തോട് കൂടിയാണ് നടപ്പാക്കപ്പെടുന്നത്. അതുകൊണ്ട് സ്ത്രീക്ക് ഭർത്താവിൽനിന്ന് വിവാഹമോചനം തേടാൻ (ഖുൽഅ്) കഴിയുന്നുണ്ട്. അവൾക്കു മതിയായ കാരണങ്ങളുണ്ടെങ്കിൽ ഖുൽഇനുള്ള അവളുടെ അപേക്ഷ ‘ഖാസി’ സ്വീകരിക്കുന്നു. മറ്റു സമുദായക്കാരുടെ വിവാഹമോചനക്കേസുകളിലേതുപോലെ കുടുംബരഹസ്യങ്ങൾ പരസ്യപ്പെടുത്തി സ്വയം വഷളാവേണ്ട സ്ഥിതി അവൾക്ക് നേരിടുന്നുമില്ല. വിവാഹമോചിതരായ ദമ്പതികൾക്കു നിശ്ചയിക്കപ്പെട്ട ആചാരങ്ങളിൽ സ്ത്രീക്കാണ് കൂടുതൽ ആദരവും പ്രാമുഖ്യവും നൽകിയിട്ടുള്ളത്. ആദ്യ ഭർത്താവിനെ വീണ്ടും സ്വീകരിക്കുന്നതിനുമുമ്പായി മറ്റൊരുത്തനുമായി വിവാഹബന്ധത്തിലേർപ്പെടണമെന്ന നിയമമുണ്ടെന്നത് ശരി. പക്ഷേ, മറ്റൊരുത്തന്റെ കൂടെ ജീവിച്ച് ആദ്യഭർത്താവിന്റെ മഹിമ മനസ്സിലാക്കാൻ അതവൾക്കു ഒരവസരം നൽകുന്നു.

(സൺഡേ ഒബ്സർവർ 1984 ഏപ്രിൽ 15)